ശുദ്ധജലം വിതരണം നടത്തുമ്പോൾ ശാസ്താംകോട്ട കായലിനു സമീപമുള്ള ജനങ്ങൾക്ക് ഒരു തുള്ളി വെള്ളംപോലും കുടിക്കാനില്ല എന്നുള്ള വസ്തുത പരിഗണിച്ച് ശാസ്താംകോട്ട വാട്ടർ സപ്ലൈ സ്കീം ഈ വർഷം നടപ്പിലാക്കാൻ നടപടി കൈക്കൊള്ളുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഈ വർഷം നടപ്പിലാക്കുമോ എന്നു പറയാൻ കഴിയുകയില്ല. ആ പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുന്നതാണ്.

പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റിന്റെ അനാസ്ഥയെക്കുറിച്ചുള്ള ആക്ഷേപങ്ങൾ

698 *[759] ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി:
,, ടി. എച്ച്. മുസ്തഫ:
,, പി. ആർ. കുറുപ്പ്:
,, പി. ജെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റിന്റെ അനാസ്ഥയെക്കുറിച്ചുള്ള ആക്ഷേപങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

(ബി) തിരുവനന്തപുരം സിറ്റിയിൽ ഡ്രെയിനേജ് പൈപ്പുകളും വാട്ടർപൈപ്പുകളും നശിച്ചുപോകുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിന്റെ കാരണങ്ങളെന്താണെന്ന് അന്വേഷിച്ചിട്ടുണ്ടോ;

(ഡി) പി. എച്ച് ഇ. ഡി. യിലേക്ക് പൈപ്പുകൾ വാങ്ങുന്നതിൽ അഴിമതികൾ നടക്കുന്നതായി ആരോപണം ഉണ്ടായിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എന്തു നടപടികൾ എടുത്തു?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ) അനാസ്ഥയെക്കുറിച്ചുള്ള ആക്ഷേപങ്ങളൊന്നും ലഭിച്ചിട്ടില്ല.

(ബി) ഡ്രെയിനേജ് പൈപ്പുകളും വാട്ടർ പൈപ്പുകളും നശിച്ചുപോകുന്നില്ല. കാലപ്പഴക്കത്താലും സാങ്കേതിക കാരണങ്ങളാലും അവ കേടായിപ്പോകാറുണ്ട്. അതൊഴിവാക്കാവുന്നതല്ല.

(സി) ഉദിക്കുന്നില്ല.

(ഡി) ഉണ്ട്.

(ഇ) പരാതി അടിസ്ഥാനരഹിതമാണെന്നു ബോദ്ധ്യമായതിനാൽ മേൽനടപടികളൊന്നും എടുത്തിട്ടില്ല.

ശ്രീ. പി. ആർ. കുറുപ്പ്: പലപ്പോഴും പട്ടണങ്ങളിലും പഞ്ചായത്തു തലസ്ഥാനങ്ങളിലും ശുദ്ധജല വിതരണം സ്തംഭിച്ചുപോകുന്നത് പ്രകൃതിയുടെ വിഷമതകൾ ഉണ്ടാകാതെതന്നെ അനാസ്ഥകൊണ്ടാണ് എന്നു പല

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യമുള്ള പൊന്തിവന്ന സ്ഥിതിക്ക് പട്ടണങ്ങളിലും പഞ്ചായത്തു തലസ്ഥാനങ്ങളിലും ഉള്ള ശുദ്ധജലവിതരണ പദ്ധതികളെപ്പറ്റി സമഗ്രമായ ഒരു സർവ്വേ നടത്തി റിപ്പോർട്ടു സമർപ്പിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സർവ്വേനടത്താമെന്നു പറയാൻ കഴിയുകയില്ല. ചില സാങ്കേതിക കാരണങ്ങളാൽ ചിലപ്പോൾ ശുദ്ധജല വിതരണം മുടങ്ങിപ്പോകാറുണ്ട്.

ശ്രീ. പി. ആർ. കുറുപ്പ്: ശുദ്ധജല വിതരണത്തിന്റെ പ്രവർത്തനം എക്സിക്യൂട്ടുചെയ്യാൻ അതാതു പഞ്ചായത്തുകളെയും കോർപ്പറേഷനുകളെയും ഏല്പിക്കാനുള്ള ഏർപ്പാടുകൾ ഉണ്ടാക്കാൻ സാധിക്കുമോ എന്നു പരിശീലിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: വാട്ടർബോർഡിന്റെ രൂപീകരണത്തിൽ ആലോചിക്കേണ്ട പ്രശ്നമാണ്.

ശ്രീ. സേവ്യർ അറയ്ക്കൽ: അഴിമതി നടന്നതായി ആരോപണമുണ്ടായിട്ടുണ്ടെന്ന് ഉത്തരം പറഞ്ഞു. അന്വേഷണ റിപ്പോർട്ടു കിട്ടിയെന്നും പറഞ്ഞു. ആരാണ് അന്വേഷിച്ചത്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റിൽ ചില അഴിമതികൾ നടക്കുന്നുവെന്നുപറഞ്ഞ് കത്തുകൾ കിട്ടുകയുണ്ടായി. പി. എച്ച്. ഇ. ഡി. ചീഫ് എഞ്ചിനീയർ തന്നെയാണ് അന്വേഷണം നടത്തിയത്. അഴിമതികൾ നടന്നതായി വിവരമില്ലെന്ന് റിപ്പോർട്ടു കിട്ടി.

ശ്രീ. സിറിയക് ജോൺ: വാട്ടർ സപ്ലൈയിൽ ക്രമക്കേടുകൾ ഉണ്ടാകുന്നതായി പത്രറിപ്പോർട്ടുകളിൽനിന്നും അനുഭവത്തിൽനിന്നും അറിയാൻ സാധിക്കുന്നുണ്ട്. പത്തുപതിനഞ്ചു വർഷമായി താൽക്കാലിക ജീവനക്കാരായി കഴിയുന്നവരെ സ്ഥിരപ്പെടുത്താത്തതുകൊണ്ടുള്ള അനാസ്ഥയും കാലതാമസവുമാണ് ക്രമക്കേടുകൾക്കു കാരണമെന്നുള്ളതു പരിഗണിച്ച് അവരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടിയെടുക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അതു വേറൊരു പ്രശ്നമാണ്. ഇതു പൈപ്പിന്റെ കാര്യത്തിലുള്ള അനാസ്ഥയെക്കുറിച്ചാണ്. വേറെ ചോദ്യം ചോദിച്ചാൽ പറയാം.

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: അഴിമതിയാരോപണത്തിനു പരിഹാരമുണ്ടാക്കാനുള്ള ഒരു നടപടിയെന്നനിലയിൽ ഗവൺമെന്റുടമയിലുള്ള പ്രിമോ പൈപ്പ് ഫാക്ടറിയിൽനിന്ന് ഇതിനാവശ്യമുള്ള തരം പൈപ്പുകൾ നിർമ്മിച്ചു വാങ്ങുന്നതിനു നടപടിയെടുക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: പ്രിമോ പൈപ്പ് ഫാക്ടറിയിൽ ഇപ്പോൾ പൈപ്പ് ഉണ്ടാക്കുന്നുണ്ട്. കൂടുതൽ ഉണ്ടാക്കുന്നതിന് ആ ഫാക്ടറിക്കു കപ്പാസിറ്റിയുണ്ടോ എന്ന് അന്വേഷിച്ചേ പറയാൻ പറ്റുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. കൃഷ്ണൻ: ശുദ്ധജല വിതരണ പദ്ധതികളും നടപ്പിലാക്കുന്നതിനു സാമ്പത്തിക പരാധീനതയുണ്ടെന്നു പറയുമ്പോഴത്തന്നെ പദ്ധതികളും നടപ്പിൽ വരുത്തുന്നതിനുപകരിക്കാത്ത വളരെയേറെ സാധനങ്ങൾ സ്റ്റോറാക്കുചെയ്യുന്നുണ്ട്. ഇതു ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ആവശ്യത്തിൽക്കവിഞ്ഞു സാധനങ്ങൾ സ്റ്റോറാക്കു ചെയ്യുന്നില്ലെന്നാണ് അറിവ്. അധികം സ്റ്റോറാക്കു ചെയ്യുന്നുണ്ടോ എന്ന് അന്വേഷിക്കാം.

ശ്രീ. വട്ടിയൂർക്കാവ് രവി: തിരുവനന്തപുരം സിറ്റിയിലെ പല സ്ഥലങ്ങളിലും ചില വ്യക്തികളുടെ താൽപ്പര്യത്തിനുവേണ്ടി സ്ട്രീറ്റ് ഫൗണ്ടനുകൾ അടച്ചുപൂട്ടിയിട്ടുണ്ട്. ഇവ പൊതുജനങ്ങളുടെ ആവശ്യത്തിന് അടിയന്തിരമായി തുറന്നുകൊടുക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: വ്യക്തികളുടെ താൽപ്പര്യത്തിനു വേണ്ടി പൈപ്പുകൾ അടയ്ക്കുന്നില്ല എന്നാണ് ഗവൺമെന്റിന്റെ അറിവ്. ഏതെങ്കിലും പ്രത്യേക സംഗതി ചൂണ്ടിക്കാണിച്ചാൽ നടപടിയെടുക്കാം.

ശ്രീ. പി. കരുണാകരൻ: പട്ടണപ്രദേശങ്ങളിൽ പൈപ്പ് വാട്ടറിനെയാണ് ആശ്രയിക്കുന്നത്. പി. എച്ച്. ഇ. ഡി. യുടെ അനാസ്ഥ കാരണം കൂടിക്കാനും കുളിക്കാനും വെള്ളം കിട്ടാതെ ബുദ്ധിമുട്ടുന്നുണ്ട്. കണ്ണൂരിൽത്തന്നെ കഴിഞ്ഞ രണ്ടാഴ്ച മുമ്പ് ബുദ്ധിമുട്ടുണ്ടായി. പല സ്ഥലങ്ങളിലും ബുദ്ധിമുട്ടുവരുന്നതുകൊണ്ട് അന്വേഷണം നടത്താൻ തയ്യാറാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: പട്ടണങ്ങളിലെല്ലാം വെള്ളത്തിനു ദൗർലഭ്യമുണ്ട്. ആഗ്മെന്റേഷൻ സ്കീമുകളാണു വേണ്ടത്. അന്വേഷണം നടത്തത്തക്കവിധത്തിൽ ഒന്നും സംഭവിച്ചിട്ടില്ല.

ശ്രീ. എൻ. പി. മൊയ്തീൻ: കോഴിക്കോടു സിറ്റിയിൽ ഇടയ്ക്കിടെ ശുദ്ധജല വിതരണം മുടങ്ങുന്നുണ്ട്. ഇത് പി. എച്ച്. ഇ. ഡി. യുടെ അനാസ്ഥകൊണ്ടോ അതല്ല മാവൂർ ഗ്വാളിയോർ റയോൺസിലുണ്ടായ പുതിയ സംഭവങ്ങൾകൊണ്ടോ?

ശ്രീ. സി എച്ച്. മുഹമ്മദുകോയ: ഇതിടെ ഉണ്ടായത് മാവൂർ ഗ്വാളിയോർ റയോൺസിലെ കുഴപ്പംകൊണ്ടാണ്. കോഴിക്കോടു പട്ടണത്തിനു ആഗ്മെന്റേഷൻ സ്കീമുണ്ട്. രണ്ടാഴ്ച മുമ്പ് ഉദ്യോഗസ്ഥന്മാരെ വിളിച്ചുകൂട്ടി അതു ത്വരിതപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. ലോനപ്പൻ നമ്പാടൻ: തൃശ്ശൂർ ജില്ലാ ആശുപത്രിയിലും പ്രസവാശുപത്രിയിലുമുള്ള നാലായിരം ആളുകൾക്ക് ശുദ്ധജലം വിതരണം ചെയ്യുന്നതിന് തൃശ്ശൂർ മുനിസിപ്പാലിറ്റി അനുമതി നൽകിയിട്ടില്ല എന്നുള്ളതു ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; 1,30,000 രൂ. ഹെൽത്ത് ഡിപ്പാർട്ടുമെന്റിൽനിന്ന് അനുവദിച്ചിട്ടും പൈപ്പിടാൻ അനുമതി കൊടുക്കാത്തതുകൊണ്ട് രോഗികൾ കഷ്ടപ്പെടുന്നതു ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(760, 761 എന്നീ ചോദ്യങ്ങൾ ചോദിച്ചില്ല.)

LIBRARY ARCHIVES Kerala Legislative Assembly